**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6235** **17-03-2023 - ൽ മറുപടിയ്ക്ക്**

**വൈവിധ്യവൽക്കരണത്തിലൂടെ അധിക വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ ഉൽപാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ ഇടപെട്ട് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരെ സഹായിക്കുവാനും വൈവിധ്യവൽക്കരണത്തിലൂടെ അധിക വരുമാനം ലഭ്യമാക്കുവാനും സഹകരണ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | 1. ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വിളവെടുപ്പ് കാലത്ത് കർഷകരിൽ നിന്ന് നേരിട്ട് കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നതിനും സംഭരണം, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമായി “കാർഷിക ഉൽപ്പാദനം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ" എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.<br>2. "ഗ്രാമീൺ മാർക്കറ്റുകൾ / പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ” എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പി.എ.സി.എസ്. ന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണന വേദി ഒരുക്കുന്നു. ഓരോ ചന്തക്കും 10.00 ലക്ഷം രൂപ വീതം നീക്കി വച്ചിരിക്കുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>3. കർഷകരിൽ നിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച്, കാർഷിക ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യയോടു കൂടിയ അരി മിൽ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനും, എല്ലാതരം കാർഷിക ഉല്പന്നങ്ങളും വാങ്ങി സംഭരിച്ചും സംസ്കരിച്ചും അല്ലാതെയും വിപണനം നടത്തുന്നതിനും ഭക്ഷണയുക്തമായ കാർഷിക ഉല്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം ടിൻ ഫുഡുകളായുള്ള ഭക്ഷണ പാക്കറ്റുകളായും അല്ലാതെയും വിപണനം നടത്തുക, ഭക്ഷണയുക്തമല്ലാത്ത കാർഷിക ഉല്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം വ്യവസായ ഉല്പന്നങ്ങൾ നിർമ്മിച്ചും അല്ലാതെയും വിപണനം നടത്തുക, തുടങ്ങിയ ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ല പ്രവർത്തന പരിധിയായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസ്സിംഗ്&മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (PAPCOS) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>മേൽ പ്രകാരമുള്ള അതേ ഉദ്ദേശ ലക്ഷ്യങ്ങളോടെ പാലക്കാട് ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ്&മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) രജിസ്റ്റർ ചെയ്ത് പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള പദ്ധതി പൂർണ്ണ പഥത്തിൽ എത്തുന്നത് വഴി കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ